# PSC Driver Grade II - Ldv - Various/dcb Examination Previous Year Question Paper

***Exam Name:*** ***Driver Grade II - Ldv - Various/dcb***

***Date of Test : 11.06.2016***

***Question Paper Code: 078/2016***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 078/2016-M

Maximum : 100 marks

Time : 1 hour and 15 minutes

1. മുൻ രാഷ്ട്രപതി അബ്ദുൾ കലാമിന്റെ ആത്മകഥയുടെ പേരെന്ത്?
   - (A) എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ
   - (B) അഗ്നിച്ചിറകുകൾ
   - (C) കൊഴിഞ്ഞ ഇലകൾ
   - (D) എന്റെ കഥ

2. ഇന്ത്യൻ സൂപ്പർ ലീഗിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ടീമേത്?
   - (A) ചെന്നൈയിൻ എഫ്.സി.
   - (B) കൊച്ചിൻ ടസ്കേഴ്സ്
   - (C) കേരളാ ബ്ലാസ്റ്റേഴ്സ്
   - (D) എഫ്.സി. കേരള

3. 2014-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാള കൃതി :
   - (A) മനുഷ്യന് ഒരു ആമുഖം
   - (B) ആടുജീവിതം
   - (C) ആരാച്ചാർ
   - (D) കേരളം മലയാളിയുടെ മാതൃഭൂമി

4. 2015-ൽ വെടിയേറ്റു മരിച്ച കർണ്ണാടക സാഹിത്യകാരൻ :
   - (A) കൽബുർഗി
   - (B) സച്ചിദാനന്ദൻ
   - (C) ആനന്ദ്
   - (D) കൈലാസ്

5. ഏറ്റവും കൂടുതൽ തവണ ബജറ്റ് അവതരിപ്പിച്ച കേരള ധനകാര്യമന്ത്രി :
   - (A) ഡോ. തോമസ് ഐസക്
   - (B) കെ. കരുണാകരൻ
   - (C) എം.എം. മണി
   - (D) കെ.എം. മാണി

6. 2014-ലെ ലോകസമാധാനത്തിന് നോബൽ പുരസ്കാരം പങ്കിട്ട ഇന്ത്യാക്കാരൻ :
   - (A) നരേന്ദ്രമോദി
   - (B) കൈലാസ് സത്യാർത്ഥി
   - (C) അമർത്യാസെൻ
   - (D) സി.വി. രാമൻ

7. ഇന്ത്യയുടെ ചൊവ്വാ ദൗത്യം ഏത് പേരിലറിയപ്പെടുന്നു?
   - (A) ചാന്ദ്രയാൻ I
   - (B) ചാന്ദ്രയാൻ II
   - (C) മംഗൾയാൻ
   - (D) അപ്പോളോ II

8. ജ്ഞാനപീഠം നേടിയ മലയാളി - ഇവരിൽ ആരാണ്?
   - (A) ഒ.എൻ.വി. കുറുപ്പ്
   - (B) എസ്.കെ. പൊറ്റക്കാട്
   - (C) സുഗതകുമാരി
   - (D) കമല സുരയ്യ



Join PSC WhatsApp Broadcast List : 90747 20773

9. മലയാള സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാണ്?
 (A) തിരൂർ (B) കോഴിക്കോട്
 (C) കൊല്ലം (D) എറണാകുളം

10. മുംബൈ സ്ഫോടനവുമായി ബന്ധപ്പെട്ട് ഈയിടെ തൂക്കിലേറ്റപ്പെട്ട വ്യക്തിയാര്?
 (A) അജ്മൽ കസബ് (B) യൂസഫ്
 (C) യാക്കൂബ് മേമൻ (D) ഛോട്ടാ രാജൻ

11. പശ്ചിമഘട്ട മലനിരകൾ എത്ര സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്നു?
 (A) 5 (B) 7
 (C) 2 (D) 8

12. ഇന്ത്യയിൽ കയർ വ്യവസായം ഏറ്റവും കൂടുതലുള്ള സംസ്ഥാനം :
 (A) തമിഴ്നാട് (B) ഒറീസ്സ
 (C) കർണ്ണാടകം (D) കേരളം

13. ഇന്ത്യയിൽ ആദ്യമായി റെയിൽവേ-ലൈൻ സ്ഥാപിക്കപ്പെട്ടത് :
 (A) ബോംബെ-താന (B) ബോംബെ-താനൂർ
 (C) ബോംബെ-ഡൽഹി (D) ബോംബെ-പൂനെ

14. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി :
 (A) പള്ളിക്കൽ (B) പള്ളിവാസൽ
 (C) കല്ലട (D) കുറ്റ്യാടി

15. ഇന്ത്യയേയും ശ്രീലങ്കയേയും വേർതിരിക്കുന്ന കടലിടുക്ക് :
 (A) ഗൾഫ് ഓഫ് കമ്പത്ത് (B) ഗൾഫ് ഓഫ് പനാമ
 (C) അറബിക്കടൽ (D) പാക് കടലിടുക്ക്

16. ഇന്ത്യയിൽ ഇംഗ്ലീഷുകാർ ആധിപത്യം സ്ഥാപിച്ച പ്ലാസി യുദ്ധം നടന്ന വർഷം :
 (A) 1575 (B) 1757
 (C) 1775 (D) 1864

17. പഴശ്ശിരാജ ഏത് രാജവംശത്തിലെ രാജാവാണ്?
 (A) കോലത്തിരി (B) സാമൂതിരി
 (C) വേണാട് (D) കോട്ടയം

18. ഗാന്ധിജിയെ മഹാത്മാ എന്ന് വിശേഷിപ്പിച്ചതാര്?
 (A) ടാഗോർ (B) ഗോഖലെ
 (C) നെഹ്റു (D) ആനിബസന്റ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

19. അതിർത്തി ഗാന്ധി എന്ന് അറിയപ്പെടുന്നതാര്?
(A) ഫിറോസ്ഷാ മേത്ത
(B) വക്കം അബ്ദുൾ ഖാദർ മൗലവി
(C) ഖാൻ അബ്ദുൾ ഖാഫർ ഖാൻ
(D) മുഹമ്മദാലി ജിന്ന

20. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് :
(A) എ.കെ. ഗോപാലൻ
(B) കെ. കേളപ്പൻ
(C) മന്നത്തു പത്മനാഭൻ
(D) അക്കമ്മ ചെറിയാൻ

21. പ്രസിദ്ധമായ ജാലിയൻ വാലാബാഗ് ഏത് സംസ്ഥാനത്താണ്?
(A) ഗുജറാത്ത്
(B) രാജസ്ഥാൻ
(C) മഹാരാഷ്ട്ര
(D) പഞ്ചാബ്

22. പഞ്ചശീല തത്ത്വങ്ങൾ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി :
(A) മൊറാർജി ദേശായി
(B) ഇന്ദിരാഗാന്ധി
(C) നെഹ്റു
(D) ഗുൽസാരിലാൽ നന്ദ

23. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ മഹത്തായ വിപ്ലവം നടന്ന വർഷം :
(A) 1857
(B) 1785
(C) 1885
(D) 1757

24. 'ദില്ലി ചലോ' എന്ന മുദ്രാവാക്യം ഉന്നയിച്ചതാര്?
(A) ഗാന്ധിജി
(B) ചരൺസിംഗ്
(C) സുഭാഷ് ചന്ദ്രബോസ്
(D) ജവഹർലാൽ നെഹ്റു

25. ലോകത്തിലാദ്യമായി കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബാലറ്റിലൂടെ അധികാരത്തിൽ വന്നതെവിടെ?
(A) ചൈന
(B) റഷ്യ
(C) ക്യൂബ
(D) കേരളം

26. ദേശീയപതാകയുടെ നിറം മുകളിൽ നിന്നും താഴേക്ക് :
(A) പച്ച, വെളുപ്പ്, ചുവപ്പ്
(B) കുങ്കുമം, വെളുപ്പ്, പച്ച
(C) വെളുപ്പ്, കുങ്കുമം, പച്ച
(D) പച്ച, വെള്ള, മഞ്ഞ

27. ചൈൽഡ് ഹെൽപ്പ് ലൈൻ - ഫോൺ നമ്പർ എത്ര?
(A) 1098
(B) 1096
(C) 1099
(D) 1898

28. ദേശീയഗാനം ആലപിക്കാനുള്ള സമയം എത്ര?
(A) 60 സെക്കന്റ്
(B) 58 സെക്കന്റ്
(C) 52 സെക്കന്റ്
(D) 2 മിനിറ്റ്



Join PSC WhatsApp Broadcast List : 90747 20773

29. ഇന്ത്യൻ ഭരണഘടനാ ശില്പിയാണ് :
   (A) ഡോ. ചന്ദ്രശേഖർ (B) ബി.ആർ. അംബേദ്കർ
   (C) ജവഹർലാൽ നെഹ്റു (D) ഗാന്ധിജി

30. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കാനുള്ള കുറഞ്ഞ പ്രായം എത്ര?
   (A) 25 (B) 30
   (C) 22 (D) 21

31. കേരളത്തിന്റെ ഔദ്യോഗിക മത്സ്യം :
   (A) മത്തി (B) കരിമീൻ
   (C) ചെമ്മീൻ (D) അയല

32. സമുദ്രനിരപ്പിൽ നിന്നും താഴെ സ്ഥിതിചെയ്യുന്ന പ്രദേശം :
   (A) കുട്ടനാട് (B) തൃശ്ശൂർ കോൾ നിലം
   (C) കിനാലൂർ (D) പൂക്കോട്

33. ഇടുക്കി ജില്ലയുടെ ആസ്ഥാനം :
   (A) കട്ടപ്പന (B) തൊടുപുഴ
   (C) മൂന്നാർ (D) പൈനാവ്

34. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം :
   (A) വേമ്പനാട്ടു കായൽ (B) ശാസ്താംകോട്ട കായൽ
   (C) അഷ്ടമുടി കായൽ (D) പൂക്കോട് തടാകം

35. കുറ്റ്യാടി ജലവൈദ്യുത പദ്ധതി ഏത് ജില്ലയിൽ സ്ഥിതിചെയ്യുന്നു?
   (A) കോഴിക്കോട് (B) കണ്ണൂർ
   (C) വയനാട് (D) മലപ്പുറം

36. കേരളത്തിൽ നിന്നും അർജ്ജുന അവാർഡ് നേടിയ ഹോക്കി താരം :
   (A) ധ്യാൻചന്ദ് (B) ഐ.എം. വിജയൻ
   (C) ശ്രീജേഷ് (D) പി.ടി. ഉഷ

37. കേരളത്തിന്റെ തീരദേശ ദൈർഘ്യം :
   (A) 580 km (B) 560 km
   (C) 600 km (D) 610 km

38. അടിയ വിഭാഗത്തിന്റെ പരമ്പരാഗത നൃത്തരൂപം :
   (A) വട്ടക്കളി (B) ചാക്യാർകൂത്ത്
   (C) ഗദ്ദിക (D) കോൽക്കളി



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

39. കേരളത്തിലെ നിത്യഹരിത വനം :

(A) തോൽപ്പെട്ടി (B) തേക്കടി
(C) മുത്തങ്ങ (D) സൈലന്റ്‌വാലി

40. കേരളത്തിൽ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തി :

(A) പൊക്കുടൻ (B) അയ്യപ്പൻ
(C) പി.കെ. കാളൻ (D) ചിരുത

41. 'മലയാളി മെമ്മോറിയൽ' ഏത് രാജാവിനാണ് സമർപ്പിച്ചത്?

(A) സാമൂതിരി (B) പഴശ്ശിരാജാവ്
(C) ശ്രീമൂലം തിരുനാൾ (D) മാർത്താണ്ഡവർമ്മ

42. കൊച്ചിരാജ്യ പ്രജാമണ്ഡലം രൂപീകരിച്ചതെന്ന്?

(A) 1937 (B) 1941
(C) 1912 (D) 1935

43. ചട്ടമ്പി സ്വാമികൾ ജനിച്ചതെവിടെ?

(A) കഴക്കൂട്ടം (B) ശ്രീകാര്യം
(C) ഉള്ളൂർ (D) കണ്ണമ്മൂല

44. 'ദർശനമാല', 'ദൈവദശകം' എന്നീ കൃതികളുടെ കർത്താവാര്?

(A) വൈകുണ്ഠസ്വാമി (B) കുമാരനാശാൻ
(C) ശ്രീനാരായണ ഗുരു (D) അയ്യങ്കാളി

45. അയ്യങ്കാളി അധഃസ്ഥിതർക്കുവേണ്ടി വിദ്യാലയം ആരംഭിച്ചതെന്ന്?

(A) 1904 (B) 1804
(C) 1914 (D) 1894

46. അധഃസ്ഥിത വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനായി അറിവിനെയും ആത്മീയതയെയും യോജിപ്പിച്ച സാമൂഹ്യപരിഷ്ക്കർത്താവ് :

(A) ശ്രീനാരായണ ഗുരു (B) കുമാരഗുരുദേവൻ
(C) അയ്യങ്കാളി (D) കുമാരനാശാൻ

47. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന അസമത്വത്തിനും വിവേചനത്തിനുമെതിരെ സ്വന്തം സമുദായത്തിൽ നിന്നു തന്നെ പോരാടിയ വ്യക്തി :

(A) എം.കെ. സാനു (B) എം.ടി. വാസുദേവൻ
(C) വി.ടി. ഭട്ടതിരിപ്പാട് (D) ശങ്കരൻ എമ്പ്രാന്തിരി



Join PSC WhatsApp Broadcast List : 90747 20773

48. 'മത വിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നേടിയെങ്കിലേ മനുഷ്യപുരോഗതി സാധ്യമാവൂ' എന്ന് പറഞ്ഞ സാമൂഹ്യപരിഷ്ക്കർത്താവ് :

(A) വക്കം അബ്ദുൾ ഖാദർ മൗലവി (B) മൗലാന ഷൗക്കത്തലി

(C) മൗലാന സാദിഖലി (D) മുഹമ്മദാലി

49. ഗാന്ധിജിയുടെ നേതൃത്വത്തിൽ അഹമ്മദാബാദിലെ തുണിമിൽ സമരം ഏത് തരം സമരമായിരുന്നു?

(A) സത്യാഗ്രഹം (B) നിരാഹാരം

(C) പിക്കറ്റിംഗ് (D) ധർണ്ണ

50. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ മൈക്കിൾ ഒ. ഡയറിനെ ഇംഗ്ലണ്ടിൽ ചെന്ന് വധിച്ച ഇന്ത്യാക്കാരൻ :

(A) വിക്രംസിംഗ് (B) സുഖ്ദേവ്

(C) ഭഗത്സിംഗ് (D) ഉദ്ദംസിംഗ്

51. എഞ്ചിൻ എന്നാൽ എന്ത്?

(A) വൈദ്യുതോർജ്ജത്തെ യാന്ത്രികോർജ്ജമാക്കുന്ന യന്ത്രസംവിധാനം

(B) വൈദ്യുതോർജ്ജത്തെ രാസോർജ്ജമാക്കി മാറ്റുന്ന യന്ത്രസംവിധാനം

(C) യാന്ത്രികോർജ്ജത്തെ താപോർജ്ജമാക്കുന്ന യന്ത്രസംവിധാനം

(D) താപോർജ്ജത്തെ യാന്ത്രികോർജ്ജമാക്കി മാറ്റുന്ന യന്ത്രസംവിധാനം

52. ഭാരം കയറ്റുന്ന വാഹനങ്ങളിൽ തറ നിരപ്പിൽ നിന്നും ഭാരം കയറ്റാവുന്ന പരമാവധി ഉയരം :

(A) 3.80 മീറ്റർ (B) 4.80 മീറ്റർ

(C) 2.80 മീറ്റർ (D) 3 മീറ്റർ

53. മാൻഡേറ്ററി റോഡ് സൈനുകൾ :

(A) മുന്നറിയിപ്പ് നൽകുന്നവയാണ്

(B) നിർബന്ധമായും പാലിക്കേണ്ടവയാണ്

(C) നീലനിറത്തിൽ ചതുരാകൃതിയിൽ ഉള്ള ബോർഡുകളാണ്

(D) ദൂരം എത്രയെന്ന് അറിയിപ്പ് നൽകുന്നു

54. മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 122 അനുശാസിക്കുന്നത് എന്ത്?

(A) മദ്യപിച്ച് വാഹനം ഓടിക്കരുത്

(B) ന്യൂമാറ്റിക് ടയർ ഘടിപ്പിക്കാത്ത വാഹനങ്ങൾ പൊതുസ്ഥലത്ത് ഓടിക്കരുത്

(C) മറ്റുള്ളവർക്ക് അപകടമോ, തടസ്സമോ ഉണ്ടാകുന്ന രീതിയിൽ വാഹനം പൊതുസ്ഥലത്ത് നിർത്തിയിടരുത്

(D) രോഗമോ, അവശതയോ ഉള്ള ആൾ വാഹനം ഓടിക്കരുത്



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

55. ഒരു വാഹനത്തിൽ ഗിയർ ബോക്സിന്റെ ധർമ്മം എന്താണ്?

(A) വേഗത കൂട്ടുക, കുറയ്ക്കുക
(B) ടോർക്ക് കൂട്ടുക, കുറയ്ക്കുക
(C) വാഹനം പുറകോട്ട് ഓടിക്കുക
(D) മേൽപ്പറഞ്ഞവയെല്ലാം

56. ബ്ലൈൻഡ് സ്പോട്ട് എന്നാൽ എന്ത്?

(A) ഹെഡ് ലൈറ്റിൽ നൽകുന്ന കറുത്ത പൊട്ട്
(B) പുറകിൽ നിന്നുള്ള വാഹനം റിയർ വ്യൂ മിററിൽ കാണാൻ സാധിക്കാത്ത മേഖല
(C) വാഹനത്തിന്റെ മുൻപിൽ പ്രകാശം പതിക്കാത്ത സ്ഥലം
(D) ഇവയൊന്നുമല്ല

57. G.C.R. എന്നാൽ എന്ത്?

(A) ഗുഡ്സ് കാര്യേജ് റിക്കാർഡ്
(B) ഗവണ്മെന്റ് സർട്ടിഫൈഡ് റൂട്ട്
(C) ഗുഡ്സ് ക്യാബിൻ റിക്കാർഡ്
(D) ഗവണ്മെന്റ് കാർ രജിസ്റ്റർ

58. ടയറിനുള്ളിലെ വായുവിന്റെ സമ്മർദ്ദം അളക്കുന്ന ഉപകരണം :

(A) അമീറ്റർ
(B) വാൽവ് ഡൈ
(C) ടയർ പ്രഷർ ഗേജ്
(D) വാക്വം ഗേജ്

59. ഡ്രൈവിംഗ് സിമുലേറ്റർ എന്നാൽ എന്ത്?

(A) പരിശീലനത്തിനായി രൂപകല്പന ചെയ്ത ഓടാത്ത വാഹന മാതൃക
(B) ഡ്രൈവിംഗ് വേഗത വർദ്ധിപ്പിക്കുന്ന സംവിധാനം
(C) റോഡിൽ ഓടിക്കുന്ന ഡ്രൈവിംഗ് സ്കൂൾ വാഹനം
(D) കാറ്റു നിറയ്ക്കുന്ന വാഹന ടയർ

60. ആന്റിലോക്ക് ബ്രേക്ക് സംവിധാനം വാഹനങ്ങളിൽ നൽകുന്നതെന്തിന്?

(A) പെട്ടെന്നു വാഹനം നിർത്താൻ
(B) ബ്രേക്ക് പ്രവർത്തിക്കുമ്പോൾ വീലുകൾ ലോക്കായി വാഹനം തെന്നിമാറാതെ നിർത്താൻ
(C) പാർക്കിംഗ് ബ്രേക്കിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ
(D) ഗട്ടർ ചാടുമ്പോൾ ബ്രേക്ക് പ്രവർത്തിപ്പിക്കാൻ

61. ഇന്ധന ലാഭം ലഭിക്കുന്ന വേഗത :

(A) 10-20 km/hr
(B) 20-30 km/hr
(C) 40-55 km/hr
(D) 80-100 km/hr

62. വാഹനം രാത്രികാലങ്ങളിൽ പാർക്കു ചെയ്യുമ്പോൾ :

(A) റോഡിന്റെ ഇടതുവശം ചേർത്ത് നിർത്തുക
(B) പാർക്ക് ലൈറ്റുകൾ തെളിയിക്കണം
(C) പാർക്കിംഗ് ബ്രേക്ക് പ്രവർത്തിപ്പിക്കണം
(D) മേൽപ്പറഞ്ഞതെല്ലാം ചെയ്യണം



Join PSC WhatsApp Broadcast List : 90747 20773

63. ''റൈഡിംഗ് ഓൺ ക്ലച്ച്'' എന്നാൽ എന്ത്?
   (A) ക്ലച്ച് ഓൺ ആയിരിക്കുന്ന അവസ്ഥ
   (B) ക്ലച്ച് പെഡലിൽ പാദങ്ങൾ വച്ചുകൊണ്ട് വാഹനം ഓടിക്കുന്നത്
   (C) ക്ലച്ച് ഓഫായിരിക്കുന്ന അവസ്ഥ
   (D) വൈദ്യുത ക്ലച്ചിന്റെ സ്വിച്ചിനെ വിശേഷിപ്പിക്കുന്നത്

64. എം.പി.എഫ്.ഐ. സംവിധാനം ഏത് എഞ്ചിനിൽ ഉപയോഗിക്കുന്നു?
   (A) പെട്രോൾ
   (B) ഡീസൽ
   (C) സി.എൻ.ജി.
   (D) ഇവയെല്ലാം

65. ഒരു വാഹനത്തിൽ ക്ലച്ചിന്റെ സ്ഥാനം :
   (A) എഞ്ചിനും ഫ്ലൈവീലിനുമിടയിൽ
   (B) പ്രൊപ്പല്ലർ ഷാഫ്റ്റിനും ഫൈനൽ ഡ്രൈവിനും ഇടയിൽ
   (C) ഫ്ലൈവീലിനും ഗിയർബോക്സിനുമിടയിൽ
   (D) യൂണിവേഴ്സൽ ജോയിന്റുകൾക്കിടയിൽ

66. ഹസാർഡ് സ്വിച്ച് ഉപയോഗിച്ച് നാല് ഇൻഡിക്കേറ്ററുകളും ഒന്നിച്ച് മിന്നിച്ചാൽ എന്ത് മനസ്സിലാകും?
   (A) വാഹനം കവലയിൽ നേരേ പോകുന്നു
   (B) അപകടം സംഭവിച്ച വാഹനം പാർക്കു ചെയ്തിരിക്കുന്നു
   (C) ഹെഡ് ലൈറ്റിന് തകരാറ് സംഭവിച്ചതിനാൽ
   (D) ഓവർടേക്ക് ചെയ്യാൻ പാടില്ല

67. എഞ്ചിനിന്റെ ഉള്ളിലെ ഓയിലിന്റെ അളവ് പരിശോധിക്കുന്ന സംവിധാനം :
   (A) ഡിപ്പ് സ്റ്റിക്
   (B) ഓയിൽ സംപ്
   (C) ഇൻഡിക്കേറ്റർ സ്റ്റിക്
   (D) ഫിൽട്ടർ

68. ഒരു ലെഡ് ആസിഡ് ബാറ്ററിയിൽ ഇലക്ട്രോലൈറ്റിന്റെ അളവ് ഉയർത്താൻ എന്താണ് ഒഴിക്കേണ്ടത്?
   (A) ആസിഡ്
   (B) ഡിസ്റ്റിൽഡ് വാട്ടർ
   (C) ലെഡ്
   (D) പൈപ്പ് വെള്ളം

69. ഒരു വാഹനത്തിലെ കേർട്ടെസി ലൈറ്റ് പ്രകാശിക്കുന്നത് എപ്പോൾ?
   (A) ബ്രേക്ക് പ്രവർത്തിക്കുമ്പോൾ
   (B) ഇൻഡിക്കേറ്റർ സ്വിച്ചിന് അനുസൃതമായി
   (C) പാർക്ക് ലൈറ്റുകൾ പ്രകാശിക്കുമ്പോൾ
   (D) ഡോറുകൾ തുറന്നിരിക്കുമ്പോൾ



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

70. ഇന്ത്യയിലെ ആദ്യത്തെ ഓട്ടോമൊബൈൽ ഫാക്ടറി :
(A) മാരുതി ഉദ്യോഗ് ലിമിറ്റഡ്
(B) റ്റാറ്റാ മോട്ടോർസ്
(C) ഹിന്ദുസ്ഥാൻ മോട്ടോർസ്, കൽക്കത്ത
(D) പ്രീമിയർ ഓട്ടോമൊബൈൽസ്, മുംബൈ

71. ഗ്രോമൈറ്റ് എന്നാൽ എന്ത്?
(A) കേബിളിനെ ഉരയാതെ സംരക്ഷിക്കുന്ന റബ്ബർ ചട്ട
(B) വാൽവ് ലാപ്പ് ചെയ്യുന്ന ഉപകരണം
(C) ഒരു ടയർ നിർമ്മാണ കമ്പനി
(D) ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ മറ്റൊരു പേര്

72. താഴെപ്പറയുന്നതിൽ കൂട്ടത്തിൽ ചേരാത്ത് കണ്ടുപിടിക്കുക :
(A) ഹൈഡ്രോമീറ്റർ
(B) ഓടോമീറ്റർ
(C) ടാക്കോമീറ്റർ
(D) സ്പീഡോമീറ്റർ

73. 1 ഇഞ്ച് എത്ര സെന്റീമീറ്റർ ആണ്?
(A) 25.4 സെന്റിമീറ്റർ
(B) 2.54 സെന്റിമീറ്റർ
(C) 0.025 സെന്റിമീറ്റർ
(D) 254 സെന്റിമീറ്റർ

74. 100 സെന്റിമീറ്റർ :
(A) 0.1 മീറ്റർ
(B) 1 മീറ്റർ
(C) 0.01 മീറ്റർ
(D) 0.001 മീറ്റർ

75. ഒരു വൈദ്യുതമോട്ടോറിൽ വൈദ്യുതോർജ്ജത്തെ എന്താക്കി മാറ്റുന്നു?
(A) പ്രകാശോർജ്ജം
(B) താപോർജ്ജം
(C) യാന്ത്രികോർജ്ജം
(D) ഗതികോർജ്ജം

76. ഒരു നാല് സ്ട്രോക്ക് പെട്രോൾ എഞ്ചിനിൽ ഒരു പ്രവർത്തന ചക്രം പൂർത്തിയാക്കുമ്പോൾ ക്രാങ്ക് ഷാഫ്റ്റ് എത്ര പ്രാവശ്യം കറങ്ങും?
(A) അര
(B) ഒന്ന്
(C) നാല്
(D) രണ്ട്

77. വാഹനത്തിലെ ഡൈനാമോക്ക് കറക്കം ലഭിക്കുന്നത് എന്തിന്റെ സഹായത്താൽ ആണ്?
(A) ചെയിൻ
(B) ഗിയർ
(C) ഫ്ലാറ്റ് ബെൽറ്റ്
(D) വീ ബെൽറ്റ്

78. പൊതുവാഹനമോടിക്കാൻ അപേക്ഷ നൽകുന്ന ട്രാൻസ്പോർട്ട് ഡ്രൈവർക്ക് എത്ര വയസ്സ് തികഞ്ഞിരിക്കണം?
(A) 18
(B) 21
(C) 20
(D) 16



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

79. ഒരു നാല് സിലിണ്ടർ പെട്രോൾ എഞ്ചിനിൽ ഏറ്റവും സാധാരണമായി കണ്ടുവരുന്ന ഫയറിംഗ് ഓർഡർ :
(A) 1342 (B) 1234
(C) 1432 (D) 1423

80. ഏതു തരം ഇൻഷ്വറൻസാണ് റോഡിൽ ഓടിക്കുന്ന വാഹനങ്ങൾക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ടത്?
(A) കോംപ്രിഹെൻസീവ് (B) വ്യക്തിപരമായ ഇൻഷ്വറൻസ്
(C) ലൈഫ് ഇൻഷ്വറൻസ് (D) തേർഡ് പാർട്ടി ഇൻഷ്വറൻസ്

81. ഒരു ട്രാക്ടറിൽ എത്ര ആളുകളെ കയറ്റാം?
(A) 10 പേർ (B) 5 പേർ
(C) ഡ്രൈവർ മാത്രം (D) ഡ്രൈവറെ കൂടാതെ ഒരാളെ കയറ്റാം

82. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായപരിധി :
(A) 16 വയസ്സ് (B) 18 വയസ്സ്
(C) 20 വയസ്സ് (D) 15 വയസ്സ്

83. ഒരു വാഹനത്തിൽ എത്ര ആളുകളെ കയറ്റാം എന്ന് വ്യക്തമാക്കുന്ന രേഖ :
(A) ലൈസൻസ് (B) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
(C) പെർമിറ്റ് (D) ഇൻഷ്വറൻസ്

84. ചരക്ക് വാഹനത്തിൽ കയറ്റാവുന്ന ഭാരം വ്യക്തമാക്കുന്ന രേഖ :
(A) ലൈസൻസ് (B) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
(C) പെർമിറ്റ് (D) ഇൻഷ്വറൻസ്

85. ജംഗ്ഷനിൽ ഏതു വാഹനത്തിനാണ് കടന്നു പോകാൻ മുൻഗണന?
(A) ഇടതുവശത്തുനിന്നും വരുന്ന വാഹനം
(B) വലതുവശത്തുനിന്നും വരുന്ന വാഹനം
(C) പിന്നിൽ നിന്നും വരുന്ന വാഹനം
(D) എല്ലാ വാഹനങ്ങൾക്കും മുൻഗണന നൽകാം

86. റോഡിന്റെ മദ്ധ്യഭാഗത്ത് തുടർച്ചയായ മഞ്ഞവര കണ്ടാൽ :
(A) ചെറിയ വാഹനങ്ങൾക്ക് കടന്നുപോകാം
(B) സൂക്ഷിച്ച് ഓവർടേക്ക് ചെയ്യാം
(C) കാൽനട യാത്രക്കാർക്ക് കടന്നു പോകാം
(D) വര തൊടാനോ, മുറിച്ചു കടക്കാനോ പാടില്ല



Join PSC WhatsApp Broadcast List : 90747 20773

87. ഭിന്നശേഷിയുള്ളവർക്ക് ഓടിക്കാവുന്ന വാഹനം :

(A) സാധാരണ കാർ
(B) ഓട്ടോറിക്ഷ
(C) ഇൻവാലിഡ് കാര്യേജ്
(D) 50 CC യിൽ താഴെയുള്ള ഇരുചക്രവാഹനം

88. ടാക്സി പെർമിറ്റിന്റെ കാലാവധി എത്ര നാൾ?

(A) ഒരു വർഷം
(B) രണ്ട് വർഷം
(C) മൂന്ന് വർഷം
(D) അഞ്ച് വർഷം

89. പെട്രോൾ എഞ്ചിനിൽ പെട്രോൾ വായു മിശ്രിതത്തെ കത്തിക്കാൻ ഉപയോഗിക്കുന്ന സംവിധാനം :

(A) സ്പാർക്ക് പ്ലഗ്
(B) ഇൻജക്ടർ
(C) മോട്ടോർ
(D) കാർബുറേറ്റർ

90. ഒരു റേഡിയേറ്ററിലെ ജലപ്രവാഹത്തിന്റെ ദിശ :

(A) താഴെ നിന്നും മുകളിലേക്ക്
(B) മുകളിൽ നിന്നും താഴേക്ക്
(C) വൃത്താകൃതിയിൽ
(D) ഇവയൊന്നുമല്ല

91. സാധാരണയായി ഹെഡ്‌ലൈറ്റ് ബൾബിന് എത്ര ഫിലമെന്റുകൾ ഉണ്ട്?

(A) ഒന്ന്
(B) രണ്ട്
(C) മൂന്ന്
(D) നാല്

92. 2011 മുതൽ 2020 വരെയുള്ള ദശകത്തെ ഐക്യരാഷ്ട്രസഭ എന്തു ദശകമായി പ്രഖ്യാപിച്ചിരിക്കുന്നു?

(A) റോഡു സുരക്ഷാ പ്രവർത്തനങ്ങൾക്കായുള്ള ദശകം
(B) റോഡു നിർമ്മാണത്തിനായുള്ള ദശകം
(C) അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനുള്ള ദശകം
(D) മേൽപ്പറഞ്ഞവയെല്ലാം

93. നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലാത്ത എല്ലാ പെഡസ്ട്രിയൻ ക്രോസിംഗുകളിലും വഴിക്കുള്ള അവകാശം :

(A) സൈക്കിൾ ഉപയോഗിക്കുന്നവർക്ക്
(B) കാറിൽ യാത്ര ചെയ്യുന്നവർക്ക്
(C) കാൽനട യാത്രക്കാർക്ക്
(D) ഇരുചക്ര വാഹനങ്ങൾക്ക്

94. മോട്ടോർ വാഹന നിയമത്തിലെ 112-ാം വകുപ്പ് അനുശാസിക്കുന്നത് :

(A) ലോഡിനും റൂട്ടിനും നിയന്ത്രണം
(B) സിഗ്നൽ കാണിക്കുന്നത് സംബന്ധിച്ച്
(C) വാഹനം പിടിച്ചെടുക്കൽ
(D) വേഗത നിയന്ത്രണം



Join PSC WhatsApp Broadcast List : 90747 20773

95. 10.00 × 20 ടയറുകൾ ഏതു വാഹനത്തിലാണ് ഉപയോഗിക്കുന്നത്?

(A) കാറുകൾ
(B) സ്കൂട്ടർ
(C) ഹെവി വാഹനങ്ങൾ
(D) ജീപ്പ്

96. ഏത് ഗിയർ ബോക്സ് ഉപയോഗിക്കുന്ന വാഹനത്തിലാണ് ഡബിൾ ഡി ക്ലച്ചിംഗ് ഉപയോഗിക്കുന്നത്?

(A) സ്ലൈഡിംഗ് മെഷ്
(B) കോൺസ്റ്റന്റ് മെഷ്
(C) സിൻക്രോ മെഷ്
(D) എപ്പിസൈക്ലിക്

97. ഒരു വാഹനം വളവെടുക്കുമ്പോൾ പുറംഭാഗത്തെ ചക്രങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്ന സംവിധാനം :

(A) ഗിയർ ബോക്സ്
(B) ഫൈനൽ ഡ്രൈവ്
(C) ഡിഫ്രൻഷ്യൽ
(D) ക്ലച്ച്

98. സാധാരണയായി ലീഫ് സ്പ്രിംഗിനെ ആക്സിലുമായി എന്തു സംവിധാനം ഉപയോഗിച്ചാണ് ബന്ധിപ്പിക്കുന്നത്?

(A) യുബോൾട്ട്
(B) ഷാക്കിൾ
(C) സെന്റർ ബോൾട്ട്
(D) ക്ലിപ്പ്

99. 12 വോൾട്ട് ലെഡ് ആസിഡ് ബാറ്ററിയിൽ എത്ര സെല്ലുകൾ ഉണ്ടാവും?

(A) രണ്ട്
(B) മൂന്ന്
(C) പന്ത്രണ്ട്
(D) ആറ്

100. വാഹനത്തിന്റെ ഡാഷ് ബോർഡിൽ ഇഗ്നീഷൻ വാണിംഗ് ലാമ്പ് കത്തിയാൽ ഡ്രൈവർ എന്തു മനസ്സിലാക്കണം?

(A) ഇഗ്നീഷൻ പ്രവർത്തിക്കുന്നില്ല
(B) ബാറ്ററിയിലേക്ക് ചാർജ്ജ് ചെയ്യാൻ ആവശ്യമായ കറന്റ് പ്രവഹിക്കുന്നില്ല
(C) ഇൻഡിക്കേറ്റർ പ്രവർത്തിക്കുന്നില്ല
(D) ഹെഡ് ലാമ്പ് ബ്രൈറ്റായി പ്രകാശിക്കുന്നു

---



Join PSC WhatsApp Broadcast List : 90747 20773